"ഭരണഭാഷ - മാതൃഭാഷ"

നമ്പർ:E7-36980/15

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ്ഭവൻ, തിരുവനന്തപുരം
തീയതി: 20.11.2015.
Email: swdkerala@gmail.com
Phone: 0471- 2306040.

സാമൂഹ്യനീതി ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ കീഴ് കാര്യാലയങ്ങൾക്കും

സർ/മാഡം,

വിഷയം:- സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - പ്രൊബേഷൻ ഓഫീസർ ഗ്രേഡ് II തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റം -ഓപ്ഷൻ സ്വീകരിക്കുന്നത് - സംബന്ധിച്ച്

സൂചന:- GO (Rt) No. 54/2010/SWD തീയതി: 10.08.2010.

സാമൂഹ്യനീതി വകുപ്പിൽ നിലവിൽ ഒഴിവുള്ള പ്രൊബേഷൻ ഓഫീസർ ഗ്രേഡ് II (കാറ്റഗറി 1 കേരള സോഷ്യൽ വെൽഫയർ സബോർഡിനേറ്റ് സർവ്വീസ്) തസ്തികയുടെ പ്രൊമോഷൻ വഴി നികത്തേണ്ട 9 ഒഴിവുകളിലേയ്ക്ക് ഈ വകുപ്പിലെ ചൈൽഡ് വെൽഫയർ ഇൻസ്പെക്ടർ, ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് III തസ്തികകളിൽ പ്രൊബേഷൻ പൂർത്തീകരിച്ച ജീവനക്കാരിൽ നിന്നും മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട HA/HC തസ്തികകളിലും സേവനമനുഷ്ഠിക്കുന്ന ജീവനക്കാരിൽ നിന്നും ഇതിനോടൊപ്പം ചേർത്തിട്ടുള്ള മാതൃകയിൽ ഓപ്ഷൻ ക്ഷണിക്കുന്നു. താല്പര്യമുള്ള ജീവനക്കാർ കാര്യാലയ മേധാവിയുടെ മേലൊപ്പോടു കൂടിയ ഓപ്ഷൻ 11.12.2015 നകം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. സമയപരിധിക്കുള്ളിൽ ലഭിക്കാത്ത ഓപ്ഷനുകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല. പ്രൊബേഷൻ ഓഫീസർ ഗ്രേഡ് II തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റത്തിനായി നേരത്തേ ഓപ്ഷൻ സമർപ്പിച്ചിട്ടുള്ളവരും, ഇത് പ്രകാരം പുതിയ ഓപ്ഷൻ സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി

PL

## പ്രൊബേഷൻ ആഫീസ് ഗ്രേഡ് II തസ്തികയിലേയ്ക്ക് പ്രൊമോഷനുള്ള ഓപ്ഷൻ

ഞാൻ . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . (ജീവനക്കാരന്റെ പേര്, തസ്തിക, സേനവമനുഷ്ഠിക്കുന്ന കാര്യാലയം) എന്റെ അടുത്ത ഉദ്യോഗക്കയറ്റ തസ്തികയായി പ്രൊബേഷൻ ആഫീസർ ഗ്രേഡ് II തസ്തിക ഓപ്റ്റ് ചെയ്തിരിക്കുന്നു. ഈ തസ്തികയിൽ എനിക്ക് ഉദ്യോഗക്കയറ്റം അനുവദിക്കുന്ന പക്ഷം ഈ ചാനൽ വഴിയുള്ള ഉദ്യോഗക്കയറ്റങ്ങൾ അല്ലാതെ വകുപ്പിൽ നിലവിലുള്ള മറ്റ് ഉദ്യോഗക്കയറ്റ ചാനലുകളിലേയ്ക്ക് യാതൊരുവിധ അവകാശ വാദങ്ങളും ഭാവിയിൽ ഉന്നയിക്കുന്നതല്ലെന്ന് പ്രസ്താവിക്കുന്നു.

ഒപ്പ്
ജീവനക്കാരന്റെ പേര്, തസ്തിക, കാര്യാലയം

തീയതി:

മേലൊപ്പ്
കാര്യാലയ മേധാവി